**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ സർവ്വേ നമ്പർ 242/4-ൽ ഉൾപ്പെട്ടിട്ടുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 40 വർഷത്തിലധികം പഴക്കമുള്ളതുമായ പി.പി.10/204, 205, 206, 207, 208, 209, 210, 210 എ, 211, 212 എന്നീ നമ്പറിലെ (പഴയ നമ്പർ) കടമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.89/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 26/04/2021

---

പരാമർശം :-1) 01/02/2019 ലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20/19 നമ്പർ തീരുമാനം.

2) 04/02/2019 ലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A4 915/19 നമ്പർ കത്ത്

3) 12/02/2021 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/8135/2019 C3 (DP) നമ്പർ റിപ്പോർട്ട്.

4) 1/3/2013 ലെ സ.ഉ(പി) നം.110/13/ധന. നം.ഉത്തരവ്.

**ഉത്തരവ്**

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ സർവ്വേ നമ്പർ 242/4-ൽ ഉൾപ്പെട്ടിട്ടുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 40 വർഷത്തിലധികം പഴക്കമുള്ളതുമായ പി.പി.10/204, 205, 206, 207, 208, 209, 210, 210 എ, 211, 212 എന്നീ നമ്പറുകളിലുള്ള (പഴയ നമ്പർ) കടമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു മാറ്റി പുതിയ കെട്ടിടം പണിയുന്നതിന് പരാമർശം(1) പ്രകാരം പടിഞ്ഞാറത്തറ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും ടി കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള അനുമതിയ്ക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് പരാമർശം(2) പ്രകാരം അപേക്ഷിക്കുകയും ഇതു സംബന്ധിച്ച ശിപാർശ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പടിഞ്ഞാറത്തറ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെയും, പൊതുമരാമത്ത് കെട്ടിട വിഭാഗം നൽകിയ സർവ്വേ റിപ്പോർട്ടിന്റെയും, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ സർവ്വേ നമ്പർ 242/4-ൽ ഉൾപ്പെട്ടിട്ടുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും,

40 വർഷത്തിലധികം പഴക്കമുള്ളതുമായ പി.പി.10/204, 205, 206, 207, 208, 209, 210, 210 എ, 211, 212 എന്നീ നമ്പറുകളിലുള്ള (പഴയ നമ്പർ) കടമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ.പി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I & ആഡിറ്റ് II) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/115/2019/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Bindu T
സെക്ഷൻ ഓഫീസർ